ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1990

**(1990-ലെ 20-ാം നമ്പർ ആക്റ്റ്)**

(1998 മെയ് 14-ാം തീയതി നിലവിലിരുന്ന പ്രകാരം)

# The National Commission for Women Act, 1990

**(ACT No. 20 OF 1990)**

(As on 14th May, 1998)

വില: 24 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2011

## ആമുഖം

1998 മേയ് 14-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1990-ലെ സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ് (1990-ലെ 20-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ഡിസംബർ 2-ാം തീയതിയിലെ കേന്ദ്ര അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, I-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 9 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്രനിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. രഘ്ബീർ സിങ്,
*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the National Commission for Women Act, 1990 (Act No. 20 of 1990) as on 14th May, 1998 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 1 dated 2nd December, 2003 on pages 1 to 9.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. RAGHBIR SINGH,
*Secretary to the Government of India.*

GCPT. 3/2367/2011/DTP

## സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1990
(1990-ലെ 20-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

അദ്ധ്യായം I

പ്രാരംഭികം

വകുപ്പുകൾ | പേജ്


1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും 1
2. നിർവ്വചനങ്ങൾ 1


അദ്ധ്യായം II

**സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ**


3. സ്തീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപീകരണം 1
4. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധിയും സേവന വ്യവസ്ഥകളും 2
5. കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരും മറ്റു ജീവനക്കാരും 3
6. ശമ്പളവും ബത്തകളും ഗ്രാന്റുകളിൽ നിന്ന് നൽകണമെന്ന് 3
7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുകയില്ലെന്ന് 3
8. കമ്മീഷന്റെ കമ്മിറ്റികൾ 3
9. നടപടികൾ കമ്മീഷനാൽ ക്രമപ്പെടുത്തണമെന്ന് 4


അദ്ധ്യായം III

**കമ്മീഷന്റെ ചുമതലകൾ**


10. കമ്മീഷന്റെ ചുമതലകൾ 4


അദ്ധ്യായം IV

**ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും**


11. കേന്ദ്ര സർക്കാരിനാലുള്ള ഗ്രാന്റുകൾ 6
12. അക്കൗണ്ടുകളും ആഡിറ്റും 7
13. വാർഷിക റിപ്പോർട്ട് 7
14. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും പാർലമെന്റ് മുമ്പാകെ വയ്ക്കണമെന്ന് 7


അദ്ധ്യായം V

**പലവക**


15. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും സ്റ്റാഫും പബ്ളിക് സർവന്റുമാരാണെന്ന് 8
16. കേന്ദ്രസർക്കാർ കമ്മീഷനുമായി ആലോചിക്കണമെന്ന് 8
17. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം 8


GCPT. 3/2367/2011/DTP

# സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1990

**(1990-ലെ 20-ാം ആക്റ്റ്)**

[1990 ആഗസ്റ്റ്, 30]

സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. (1) ഈ ആക്റ്റിന് സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ ആക്റ്റ്, 1990 എന്ന് പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ

(ക) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഖ) "അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ മെമ്പർ-സെക്രട്ടറി ഉൾപ്പെടുന്നതുമാകുന്നു;

(ഗ) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ

3. (1) കേന്ദ്ര സർക്കാർ, സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു സമിതി, ഈ ആക്റ്റിൻ കീഴിൽ അതിനു നൽകിയിട്ടുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുംവേണ്ടി, രൂപീകരിക്കേണ്ടതാണ്. സ്ത്രീകൾക്കുവേണ്ടിയുള്ള ദേശീയ കമ്മീഷന്റെ രൂപീകരണം

(2) കമ്മീഷനിൽ,—

(ക) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സ്ത്രീകളുടെ കാര്യങ്ങളിൽ പ്രതിബദ്ധതയുള്ള ഒരു ചെയർപേഴ്സൺ;

(ഖ) നിയമത്തിലോ, നിയമനിർമ്മാണത്തിലോ, ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിലോ സ്ത്രീകൾക്കുള്ള തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിൽ പ്രതിബദ്ധതയുള്ള ഒരു വ്യവസായ ത്തിന്റെയോ സംഘടനയുടെയോ നടത്തിപ്പിലോ സ്ത്രീകളുടെ സന്നദ്ധ സംഘടനകളിലോ (സജീവ പ്രവർത്തകരായ സ്ത്രീകൾ ഉൾപ്പെടെ), ഭരണം, സാമ്പ ത്തിക വികസനം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നീ രംഗങ്ങളിലോ പരിചയം നേടിയ കഴിവും സ്വഭാവശുദ്ധിയും സ്ഥിരപ്രതിഷ്ഠയുള്ള വ്യക്തി കളിൽ നിന്നും കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചംഗങ്ങൾ:

എന്നാൽ ഓരോ അംഗം വീതമെങ്കിലും പട്ടിക ജാതിയിലും പട്ടിക വർഗ്ഗത്തിലുംപെട്ട ആളുകളിൽ നിന്നായിരിക്കേണ്ടതാണ്.

(ഗ) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മെമ്പർ-സെക്രട്ടറി, അയാൾ—

(i) ഭരണത്തിന്റെയോ സംഘടനാ സംവിധാനത്തിന്റെയോ സാമൂഹ്യശാസ്ത്ര പ്രസ്ഥാനത്തിന്റെയോ രംഗത്തുള്ള വിദഗ്ധനോ, അല്ലെങ്കിൽ

(ii) യൂണിയൻ സിവിൽ സർവ്വീസിലോ ഒരു അഖിലേന്ത്യാ സർവ്വീസിലോ അംഗമായിരിക്കുകയോ യൂണിയന്റെ കീഴിൽ ഒരു സിവിൽ തസ്തികയിലിരിക്കുകയോ ചെയ്യുന്ന തക്ക പരിചയമുള്ള ഉദ്യോഗസ്ഥനോ, എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഉദ്യോഗ കാലാവധിയും സേവന വ്യവസ്ഥകളും

4. (1) കേന്ദ്ര സർക്കാർ ഇതിലേക്കായി വിനിർദ്ദേശിക്കാവുന്ന, മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേക്ക് ചെയർപേഴ്സണും ഓരോ അംഗവും ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) ചെയർപേഴ്സണോ ഒരംഗത്തിനോ (യൂണിയൻ സിവിൽ സർവ്വീസിലോ ഒരു അഖിലേന്ത്യാ സർവ്വീസിലോ അംഗമായിരിക്കുകയോ യൂണിയന്റെ കീഴിൽ ഒരു സിവിൽ തസ്തികയിലിരിക്കുകയോ ചെയ്യുന്ന മെമ്പർ-സെക്രട്ടറിയല്ലാത്ത) കേന്ദ്ര സർക്കാരിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള കത്തുമുഖേന ഏത് സമയത്തും, ചെയർപേഴ്സന്റെയോ, അതതു സംഗതിപോലെ, അംഗത്തിന്റെയോ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) കേന്ദ്ര സർക്കാർ ഏതൊരാളെയും ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗികസ്ഥാനത്തുനിന്നും, അയാൾ—

(ക) അവിമുക്ത നിർദ്ധനനായിത്തീരുകയോ;

(ഖ) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗികാധഃ പതനം ഉൾക്കൊള്ളുന്ന ഒരു കുറ്റം ചെയ്തതായി സ്ഥാപിക്ക പ്പെടുകയും തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുകയോ;

(ഗ) ചിത്തഭ്രമമുള്ളവനായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്യുകയോ;

(ഘ) പ്രവർത്തിക്കാൻ വിസമ്മതിക്കുകയോ പ്രവർത്തിക്കാൻ പ്രാപ്തിയല്ലാത്തവനായിത്തീരുകയോ;

(ങ) കമ്മീഷനിൽനിന്നും അവധിക്കനുവാദമില്ലാതെ കമ്മീഷന്റെ തുടർച്ചയായ മൂന്നുയോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ;

(ച) കേന്ദ്രസർക്കാരിന്റെ അഭിപ്രായത്തിൽ, ചെയർപേഴ്സനെന്ന നിലയിലോ ഒരംഗമെന്ന നിലയിലോ ഉള്ള അയാളുടെ സ്ഥാനത്തെ, അയാൾ കമ്മീഷനിൽ തുടരുന്നത് പൊതു താല്പര്യത്തിന് ഹാനികരമായിത്തീരുന്നത്ര ദുരുപയോഗ പ്പെടുത്തുകയോ; ചെയ്തിട്ടുണ്ടെങ്കിൽ നീക്കം ചെയ്യേണ്ട താണ്.

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിൽ യാതൊരാളെയും, അയാൾക്ക്, ഇക്കാര്യത്തിൽ പറയാനുള്ളത് പറയാൻ ന്യായമായ ഒരവസരം നൽകിയിട്ടല്ലാതെ, നീക്കം ചെയ്യാൻ പാടുള്ളതല്ല.

(4) (2)-ാം ഉപവകുപ്പിൻ കീഴിലോ മറ്റു വിധത്തിലോ ഉണ്ടാകുന്ന ഒഴിവ് പുതിയ നാമനിർദ്ദേശം വഴി നികത്തേണ്ടതാണ്.

(5) ചെയർപേഴ്സണും മറ്റംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

കമ്മീഷനിലെ ഉദ്യോഗസ്ഥന്മാരും മറ്റു ജീവനക്കാരും

5. (1) ഈ ആക്റ്റിൻ കീഴിൽ കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനാവശ്യമായത്ര ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും കേന്ദ്രസർക്കാർ കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീന്റെ ആവശ്യത്തിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കും മറ്റു ജീവനക്കാർക്കും നൽകാവുന്ന ശമ്പളവും ബത്തകളും അവരുടെ മറ്റു സേവന നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെട്ടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

ശമ്പളവും ബത്തകളും ഗ്രാന്റുകളിൽ നിന്ന് നൽകണമെന്ന്

6. ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട ശമ്പളവും ബത്തകളും, 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണച്ചെലവുകളും 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്ന് നൽകേണ്ടതാണ്.

ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുകയില്ലെന്ന്

7. കമ്മീഷന്റെ യാതൊരു പ്രവൃത്തിയും നടപടിയും ഏതെങ്കിലും ഒഴിവുണ്ടെന്നോ കമ്മീഷന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യംചെയ്യപ്പെടാവുന്നതോ അസാധുവാകുന്നതോ അല്ല.

കമ്മീഷന്റെ കമ്മിറ്റികൾ

8. (1) കമ്മീഷൻ ഏറ്റെടുക്കുന്ന പ്രത്യേക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായേക്കാവുന്ന കമ്മിറ്റികളെ അതതുസമയം കമ്മീഷന് നിയമിക്കാവുന്നതാണ്.

(2) കമ്മീഷന്, (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച ഏതെങ്കിലും കമ്മിറ്റിയിലെ അംഗങ്ങളായി, അതിന് യുക്തമെന്നുതോന്നുന്നത്ര, കമ്മീഷനിലെ അംഗങ്ങളല്ലാത്ത ആളുകളെ കോ-ഓപ്റ്റ് ചെയ്യാവുന്നതും അങ്ങനെ കോ-ഓപ്റ്റ് ചെയ്യപ്പെടുന്ന ആളുകൾക്ക് കമ്മിറ്റിയുടെ യോഗങ്ങളിൽ സന്നിഹിതരാകാനും നടപടികളിൽ പങ്കെടുക്കാനും അവകാശമുണ്ടായിരിക്കുന്നതും എന്നാൽ വോട്ടുചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) അങ്ങനെ കോ-ഓപ്പ്റ്റ് ചെയ്യപ്പെടുന്ന ആളുകൾക്ക് കമ്മിറ്റിയുടെ യോഗങ്ങളിൽ സന്നിഹിതരാകുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന ബത്തകൾ ലഭിക്കുവാനവകാശമുണ്ടായിരിക്കുന്നതാണ്.

നടപടികൾ കമ്മീഷനാൽ ക്രമപ്പെടുത്തപ്പെടണമെന്ന്

9. (1) കമ്മീഷനോ അതിന്റെ കമ്മിറ്റിയോ ആവശ്യമുള്ളപ്പോഴൊക്കെ സമ്മേളിക്കേണ്ടതും ചെയർപേഴ്സണ് യുക്തമെന്നുതോന്നുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതുമാകുന്നു.

(2) കമ്മീഷൻ അതിന്റെതന്നെ നടപടിക്രമവും അതിന്റെ കമ്മിറ്റികളുടെ നടപടിക്രമവും ക്രമപ്പെടുത്തേണ്ടതാണ്.

(3) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും മെമ്പർ-സെക്രട്ടറിയോ മെമ്പർ-സെക്രട്ടറി ഇതിലേക്കായി അധികാരപ്പെടുത്തുന്ന കമ്മീഷന്റെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ പ്രമാണീകരിക്കേണ്ടതാണ്.

## അദ്ധ്യായം III

## കമ്മീഷന്റെ ചുമതലകൾ

കമ്മീഷന്റെ ചുമതലകൾ

10. (1) കമ്മീഷൻ താഴെപ്പറയുന്ന ചുമതലകളിൽ എല്ലാമോ ഏതെങ്കിലുമോ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(ക) ഭരണഘടനയിലും മറ്റു നിയമങ്ങളിലും സ്ത്രീകൾക്കുവേണ്ടി വ്യവസ്ഥ ചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക;

(ഖ) ആ പരിരക്ഷകളുടെ നടത്തിപ്പിനെപ്പറ്റി ഓരോ വർഷവും കൂടാതെ കമ്മീഷന് യുക്തമെന്നു തോന്നുന്ന മറ്റുസമയങ്ങളിലും കേന്ദ്ര സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുക;

(ഗ) സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ ആ പരിരക്ഷകൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ശിപാർശകൾ അങ്ങനെയുള്ള റിപ്പോർട്ടുകളിൽ നൽകുക;

(ഘ) ഭരണഘടനയിലും മറ്റു നിയമങ്ങളിലും സ്ത്രീകളെ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ അതതുസമയം റിവ്യൂ ചെയ്യുകയും അങ്ങനെയുള്ള നിയമങ്ങളിലെ ഏതെങ്കിലും പഴുതുകൾ, അപര്യാപ്തതകൾ, പോരായ്മകൾ എന്നിവ പരിഹരിക്കുന്നിതിനുള്ള നിയമനിർമ്മാണ നടപടികൾ നിർദ്ദേശിക്കുന്നതിന് അങ്ങനെയുള്ള വ്യവസ്ഥകൾക്ക് ഭേദഗതികൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ങ) സ്ത്രീകളെ സംബന്ധിച്ച് ഭരണഘടനയിലും മറ്റു നിയമങ്ങളിലുമുള്ള വ്യവസ്ഥകളുടെ ലംഘനങ്ങൾ നടപടിക്കായി ഉചിത അധികാര സ്ഥാനങ്ങളുടെ മുമ്പാകെ എത്തിക്കുക;

(ച) പരാതികൾ പരിശോധിക്കുകയും—

(i) സ്ത്രീകളുടെ അവകാശങ്ങൾ ഇല്ലാതാക്കൽ,

(ii) സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനും സമത്വം, പുരോഗതി എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുമായി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ നടപ്പാക്കാതിരിക്കൽ,

(iii) സ്ത്രീകളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് ആശ്വാസം പ്രദാനം ചെയ്യുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള നയപരമായ തീരുമാനങ്ങൾ, മാർഗ്ഗരേഖകൾ, നിർദ്ദേശങ്ങൾ എന്നിവ അനുസരിക്കാതിരിക്കൽ,

എന്നീ കാര്യങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുകയും അങ്ങനെയുള്ള കാര്യങ്ങളിൽ നിന്നുത്ഭവിക്കുന്ന പ്രശ്നങ്ങൾ സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും നടപടിക്കായി ഉചിത അധികാരസ്ഥാനങ്ങളുടെ മുൻപാകെ എത്തിക്കുകയും ചെയ്യുക;

(ഛ) സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങളെയോ സ്ഥിതിഗതികളെയോ കുറിച്ച് പ്രത്യേക പഠനങ്ങളോ അന്വേഷണങ്ങളോ നടത്താൻ ആവശ്യപ്പെടുകയും തടസ്സങ്ങൾ ദൂരികരിക്കുവാനുള്ള ഉപായങ്ങൾ ശിപാർശ ചെയ്യുവാൻ അങ്ങനെയുള്ള തടസ്സങ്ങൾ തിരിച്ചറിയുകയും ചെയ്യുക;

(ജ) എല്ലാമേഖലകളിലും സ്ത്രീകൾക്കർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും അവരുടെ പുരോഗതിക്ക് പ്രതിബന്ധം സൃഷ്ടിക്കുവാൻ കാരണമായ പാർപ്പിട സൗകര്യങ്ങളും പ്രാഥമിക സൗകര്യങ്ങളും ലഭിക്കായ്ക, അവരുടെ വിരസമായ അത്യദ്ധ്വാനവും തൊഴിൽസംബന്ധമായി ആരോഗ്യത്തിനുണ്ടാകുന്ന അപായ സാദ്ധ്യതയും കുറയ്ക്കുവാനുള്ള അപര്യാപ്തമായ സഹായ സൗകര്യങ്ങൾ, സാങ്കേതിക വിദ്യകൾ എന്നീ ഘടകങ്ങൾ തിരിച്ചറിയുവാനും അവരുടെ സൃഷ്ടിപരമായ കഴിവ് വർദ്ധിപ്പിക്കുവാനും വേണ്ടിയുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി അഭിവൃദ്ധിപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറ്റെടുക്കുക;

(ഝ) സ്ത്രീകളുടെ സാമൂഹിക-സാമ്പത്തികാഭിവൃദ്ധിക്കുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യുക;

(ഞ) യൂണിയന്റെയും ഏതൊരു സംസ്ഥാനത്തിന്റെയും കീഴിൽ സ്ത്രീകളുടെ അഭിവൃദ്ധിയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക;

(ട) ജയിലോ റിമാന്റ്ഹോമോ സ്ത്രീകൾക്കായുള്ള സ്ഥാപനമോ സ്ത്രീകളെ തടവുകാരായോ മറ്റുവിധത്തിലോ സൂക്ഷിക്കുന്ന മറ്റുസ്ഥലങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമെന്നുകണ്ടാൽ, പരിഹാരനടപടികൾക്കായി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളെ അറിയിക്കുകയും ചെയ്യുക;

(ഠ) സ്ത്രീകളുടെ ഒരു വലിയ വിഭാഗത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരങ്ങൾക്ക് ധനസഹായം നൽകുക;

(ഡ) സ്ത്രീകളെ സംബന്ധിക്കുന്ന ഏതു കാര്യത്തെക്കുറിച്ചും പ്രത്യേകിച്ച് സ്ത്രീകൾ കഠിനാദ്ധ്വാനം ചെയ്യുന്നത് ഏതെല്ലാം പ്രയാസങ്ങൾ അനുഭവിച്ചാണോ അവയെക്കുറിച്ചും ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുക;

(ഢ) കേന്ദ്രസർക്കാർ അതിനു റഫർ ചെയ്യുന്ന മറ്റ് ഏതൊരു സംഗതിയും.

(2) (1)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ റിപ്പോർട്ടുകളും, യൂണിയനെ സംബന്ധിച്ച ശിപാർശകളിന്മേൽ എടുത്തതോ എടുക്കാനുദ്ദേശിക്കുന്നതോ ആയ നടപടികളും അങ്ങനെയുള്ള ശിപാർശകളിലേതെങ്കിലും സ്വീകരിക്കാതെയുണ്ടെങ്കിൽ അങ്ങനെ സ്വീകരിക്കാത്തതിന്റെ കാരണങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടത്തോടുകൂടി, പാർലമെന്റിന്റെ ഓരോസഭയിലും കേന്ദ്രസർക്കാർ വയ്പിക്കേണ്ടതാണ്.

(3) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനെ ബാധിക്കുന്ന ഏതെങ്കിലും കാര്യം സംബന്ധിക്കുന്നതാണെങ്കിൽ കമ്മീഷൻ അങ്ങനെയുള്ള റിപ്പോർട്ടിന്റെയോ ഭാഗത്തിന്റെയോ ഒരു പകർപ്പ് അങ്ങനെയുള്ള സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സംസ്ഥാനത്തെ ബാധിക്കുന്ന ശിപാർശകളിന്മേലെടുത്തതോ എടുക്കാനുദ്ദേശിക്കുന്നതോ ആയ നടപടിയും അങ്ങനെയുള്ള ശിപാർശകളിലേതെങ്കിലും സ്വീകരിക്കാതെയുണ്ടെങ്കിൽ അങ്ങനെ സ്വീകരിക്കാത്തതിന്റെ കാരണങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടത്തോടുകൂടി സംസ്ഥാന നിയമസഭ മുമ്പാകെ സംസ്ഥാന സർക്കാർ വയ്പിക്കേണ്ടതുമാണ്.

(4) (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിലോ (ച) ഖണ്ഡം (1)-ാം ഉപഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച അന്വേഷണം നടത്തുമ്പോൾ, കമ്മീഷന് ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച്, ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(ക) ഭാരതത്തിന്റെ ഏതൊരു ഭാഗത്തുനിന്നും ഏതൊരു വ്യക്തിയെയും സമൺ ചെയ്യുകയും അയാളെ ഹാജരാകാൻ നിർബന്ധിക്കുകയും ശപഥത്തിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ഖ) ഏതെങ്കിലും രേഖയുടെ വെളിപ്പെടുത്തലോ ഹാജരാക്കലോ ആവശ്യപ്പെടുക;

(ഗ) സത്യവാങ്മൂലങ്ങളിന്മേൽ തെളിവ് സ്വീകരിക്കുക;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ഓഫീസിൽനിന്നോ ഏതെങ്കിലും പബ്ളിക് രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും കമ്മീഷൻ പുറപ്പെടുവിക്കുക;

(ച) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യം.

## അദ്ധ്യായം IV

## ധനകാര്യവും അക്കൗണ്ടുകളും ആഡിറ്റും

കേന്ദ്ര സർക്കാരി നാലുള്ള ഗ്രാന്റുകൾ

11. (1) ഈ ആക്റ്റിലെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന് യുക്തമെന്നുതോന്നുന്ന തുകകൾ പാർലമെന്റ് ഇതിനുവേണ്ടി നിയമംമൂലം നടത്തുന്ന യഥാവിധിയുള്ള വിനിയോഗത്തിനുശേഷം കേന്ദ്ര സർക്കാർ ഗ്രാന്റുകളായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് യുക്തമെന്നുതോന്നുന്ന തുകകൾ ചെലവാക്കാവുന്നതും അങ്ങനെയുള്ള തുകകൾ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്നും നൽകാവുന്ന ചെലവായി കണക്കാക്കേണ്ടതുമാകുന്നു.

അക്കൗണ്ടുകളും ആഡിറ്റും

12. (1) കമ്മീഷൻ ഉചിതമായ അക്കൗണ്ടുകളും പ്രസക്തമായ മറ്റ് റിക്കാർഡുകളും സൂക്ഷിക്കേണ്ടതും ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർജനറലുമായി ആലോചിച്ച് കേന്ദ്ര സർക്കാർ നിർണ്ണയിക്കാവുന്ന ഫാറത്തിൽ അക്കൗണ്ടുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാകുന്നു.

(2) കമ്മീഷന്റെ അക്കൗണ്ടുകൾ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ, അദ്ദേഹം നിശ്ചയിക്കുന്ന ഇടവേളകളിൽ ആഡിറ്റ് ചെയ്യേണ്ടതും അങ്ങനെയുള്ള ആഡിറ്റ് സംബന്ധമായി ഉണ്ടാകുന്ന ചെലവുകൾ കമ്മീഷൻ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന് കൊടുക്കേണ്ടതുമാകുന്നു.

(3) കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിനും ഈ ആക്റ്റിൻകീഴിൽ കമ്മീഷന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതു സംബന്ധിച്ച് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ആഡിറ്റ് സംബന്ധിച്ച്, സർക്കാരിന്റെ അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന് സാമാന്യമായുള്ള അതേ അവകാശങ്ങളും വിശേഷാവകാശങ്ങളും അധികാരവും ഉണ്ടായിരിക്കുന്നതും പ്രത്യേകിച്ചും, ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും കമ്മീഷന്റെ ആഫീസുകളിൽ ഏതും പരിശോധിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാകുന്നു.

(4) കമ്മീഷന്റെ അക്കൗണ്ടുകൾ, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലോ ഇതിലേക്ക് അദ്ദേഹം നിയമിച്ച മറ്റേതെങ്കിലും ആളോ സർട്ടിഫൈ ചെയ്തപ്രകാരം, അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി കമ്മീഷൻ വർഷംതോറും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

വാർഷിക റിപ്പോർട്ട്

13. കമ്മീഷൻ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും സമയത്തും, ഓരോ സാമ്പത്തിക വർഷവും മുൻ സാമ്പത്തികവർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരം നൽകികൊണ്ടുള്ള അതിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും പാർലമെന്റ് മുൻപാകെ വയ്ക്കണമെന്ന്

14. വാർഷിക റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്ന ശിപാർശകളിൽ കേന്ദ്ര സർക്കാരിനെ സംബന്ധിക്കുന്നവയിന്മേൽ എടുത്ത നടപടികളുടെയും, അങ്ങനെയുള്ള ശിപാർശകളിൽ സ്വീകരിക്കാത്തവയുണ്ടെങ്കിൽ അങ്ങനെ സ്വീകരിക്കാതിരുന്നതിന്റെ കാരണങ്ങളുടേയും ഒരു മെമ്മോറാണ്ടത്തോടുകൂടി വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും, റിപ്പോർട്ടുകൾ കിട്ടിയശേഷം കഴിയുന്നത്ര വേഗം, പാലമെന്റിന്റെ ഓരോ സഭയിലും കേന്ദ്ര സർക്കാർ വയ്പിക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും സ്റ്റാഫും പബ്ലിക് സർവന്റുമാരാണെന്ന്

15. കമ്മീഷന്റെ ചെയർപേഴ്സണും അംഗങ്ങളും ഉദ്യോഗസ്ഥന്മാരും മറ്റു ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45)-യിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പബ്ലിക് സർവന്റുമാരായി കണക്കാക്കപ്പെടേണ്ടതാണ്.

കേന്ദ്രസർക്കാർ കമ്മീഷനുമായി ആലോചിക്കണമെന്ന്

16. കേന്ദ്രസർക്കാർ, സ്ത്രീകളെ സംബന്ധിച്ചുള്ള നയപരമായ മുഖ്യവിഷയങ്ങളിലെല്ലാം കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.

ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം

17. (1) കേന്ദ്ര സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ എല്ലാറ്റിനുമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:

(ക) 4-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിൽ ചെയർപേഴ്സണും അംഗങ്ങൾക്കും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഉദ്യോഗസ്ഥന്മാർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ട ശമ്പളവും ബത്തകളും അവരുടെ സേവന നിബന്ധനകളും വ്യവസ്ഥകളും;

(ഖ) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്ക് കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ബത്തകൾ;

(ഗ) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പിലെ (ച) ഖണ്ഡത്തിൻ കീഴിലുള്ള മറ്റുകാര്യങ്ങൾ;

(ഘ) 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സൂക്ഷിക്കേണ്ട കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(ങ) 13-ാം വകുപ്പിൻ കീഴിൽ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ട ഫാറവും സമയവും;

(ച) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും, അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗത്തിൽ, പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഓരോ സഭയിലും ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ അടങ്ങുന്ന ആകെ മുപ്പതുദിവസത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർന്നുള്ള സമ്മേളനങ്ങൾക്കോ തൊട്ടുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ചട്ടം ഉണ്ടാക്കാൻ പാടില്ലായെന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും എന്നിരുന്നാലും അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതുമാകുന്നു.